# ലിറ്റിൽ കൈറ്റ്സ്

## ജി എച്ച് എസ് എസ് കൊടുവള്ളി

### മാസാന്ത്യ വാർത്താപത്രിക

**ആഗസ്റ്റ് 2025**

ചീഫ് എഡിറ്റർ :ലിയ ഫാത്തിമ | എഡിറ്റർ : ഫാത്തിമ നിദ, ഫാത്തിമ ഹിബ, റന ഫാത്തിമ, ഹയ ഫാത്തിമ , ഫാത്തിമ ഷഹാന | സ്റ്റാഫ് എഡിറ്റർ റിഷ പി

## ഓണാഘോഷം, പൊലിമ 2025



കൊടുവള്ളി : കൊടുവള്ളി ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിൽ 2025 26 വർഷത്തിലെ ഓണാഘോഷം വിവിധ പരിപാടികളോടെ നടത്തി . ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ സംഘടിപ്പിച്ച ഈ വർഷത്തെ ഓണാഘോഷ പരിപാടി ഇരുപത്തിയേഴാം തിയ്യതി ബുധനാഴ്ചരാവിലെ 9 മണി മുതൽവിവിധ കലാപരിപാടി കളോടെ ആരംഭിച്ചു. പ്രധാനമായും പൂക്കള മത്സരവും വിവിധ തരത്തിലുള്ള ഓണക്കളികളും ഓണപ്പാട്ടും നടത്തുകയുണ്ടായി. 5 മുതൽ 10 വരെ എല്ലാ ക്ലാസ്സുകളിലും ക്ലാസ് അധ്യാപകരുടെ നേതൃത്വത്തിൽ കുട്ടികൾ പൂക്കളം തയ്യാറാക്കി. പരിപാടിയിൽ രക്ഷിതാക്കളുടെയും വിദ്യാർത്ഥികളുടെയും പൂർണ്ണപങ്കാളിത്തവും ഉണ്ടായിരുന്നു.പൂർവ അധ്യാപകരുടെ ഒത്തുചേരലും ഈ ഓണത്തിൻറെ ഒരു പ്രത്യേകതയായി രുന്നു.താമരശ്ശേരി ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ബ്ലോക്ക് പ്രോഗ്രാം ഓഫീസർ,പിടിഎ പ്രതിനിധികൾ ,മദർ പിടിഎ അംഗങ്ങൾ,രക്ഷിതാക്കൾ എന്നിവരുടെയും സാന്നിധ്യം ഉണ്ടായിരുന്നു.കൂടാതെ വിഭവസമൃദ്ധമായ ഓണസദ്യയും ഈ ഓണപ്പരിപാടിക്ക് മികവ് പുലർത്തി .ഓണാഘോഷ പരിപാടികളിൽ വിവിധ വിഭാഗങ്ങളിലെ കൺവീനറായി തിരഞ്ഞെടുക്കപ്പെട്ട അധ്യാപകർ പരിപാടികൾക്ക് നേതൃത്വം നൽകി.

## ആദരം



കൊടുവള്ളി : കൊടുവള്ളിഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിൽഅധ്യാപക വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ അധ്യാപകരെ ആദരിച്ചു.ചടങ്ങിൽ ദേശീയ അധ്യാപക അവാർഡ് ജേതാവായ വാസു മാസ്റ്റർ സംബന്ധിച്ച് അദ്ദേഹത്തെ പൊന്നാടയണിയിച്ച് ആദരിച്ചു. 'തുടർന്ന് അദ്ദേഹം അധ്യാപകരുമായി സംവദിച്ചു. അധ്യാപക വിദ്യാർത്ഥികൾ പൂക്കളും സമാനങ്ങളുമായി അധ്യാപകരെ ആദരിച്ചു.ചടങ്ങിന് സ്കൂൾ പ്രധാനാധ്യാപകൻ മുസ്തഫ സർ നേതൃത്വം വഹിച്ചു. യുപി, ഹൈസ്കൂൾ വിഭാഗത്തിലെ എല്ലാ അധ്യാപകരും ഈ വർഷം സ്കൂളിലെത്തിയ എല്ലാ അധ്യാപക വിദ്യാർത്ഥികളും ചടങ്ങിൽ പങ്കെടുത്തു. സെക്രട്ടറി സുബൈദ സ്വാഗതവും അധ്യാപക വിദ്യാർത്ഥി ഹിബ നന്ദിയും പറഞ്ഞു. സീനിയർ അസിസ്റ്റൻറ് ശ്രീ അഷ്റഫ് സാർ,യു പി സീനിയർ നിഷ ടീച്ചർ , യുപി, ഹൈസ്കൂൾ വിഭാഗം എസ്.ആർ ജി കൺവീനർമാരായ എം വി ഹൈദ്രോസ് , ബഷീർ എന്നിവർ ചടങ്ങിന് ആശംസകൾ അറിയിച്ചു.

## എസ്.പി.സി ദിനം ആചരിച്ചു



കൊടുവള്ളി: കൊടുവള്ളി ഗവ. ഹയർ സെക്കൻഡറി സ്കൂൾ എസ്.പി.സി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ വിവിധ പരിപാടികളോടെ എസ്.പി.സി ദിനം ആചരിച്ചു. കൊടുവള്ളി നഗരസഭാ ചെയർമാൻ വെള്ളറ അബ്ദു ഉദ്ഘാടനം ചെയ്തു. കൊടുവള്ളി ഇൻസ്പെക്ടർ ഓഫ് പോലീസ് എസ്. സുജിത്ത് പതാക ഉയർത്തി. പി.ടി.എ. പ്രസിഡന്റ് ആർ.വി. അബ്ദുൽ റഷീദ് അധ്യക്ഷനായി. പ്രധാനാധ്യാപകൻ പി.ടി മുഹമ്മദ് മുസ്തഫ, എസ്.എം.സി ചെയർമാൻ മുഹമ്മദ് കുണ്ടുങ്ങര, എസ്.പി.സി ഗാർഡിയൻ പ്രസിഡൻ്റ് എൻ.പി ഹനീഫ, സെക്രട്ടറി കെ.ടി സുനി, വൈസ് പ്രസിഡൻ്റ് കെ.സി സോജിത്ത്, ഡ്രിൽ ഇൻസ്ട്രക്ടർമാരായ അജിൽ ഗോപാൽ, രന്തിമ, സി.പി.ഒ സി.ടി. അബൂബക്കർ, പി.പി രമേശൻ, അനന്യ എന്നിവർ സംസരിച്ചു. ഫ്ലാഷ് മോബ്, പ്രതിജ്ഞ, ബോധവൽക്കരണ ക്ലാസ്, വിദ്യാർത്ഥികളുടെ കലാപരിപാടികൾ എന്നിവ സംഘടിപ്പിച്ചു.

## എസ്.പി.സി. ഓണം അവധിക്കാല ക്യാമ്പ് സമാപിച്ചു.



കൊടുവള്ളി: കൊടുവള്ളി ഗവ.ഹയർസെക്കൻഡറി സ്കൂൾ എസ്.പി.സി. യൂണിറ്റിൻ്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ത്രിദിന ഓണം അവധിക്കാല ക്യാമ്പ് സമാപിച്ചു. ക്യാമ്പിൽ ഇൻഡോർ, ഔട്ട്ഡോർ ക്ലാസുകൾ, ഓണാഘോഷം, ഫീൽഡ് വിസിറ്റ്, വിദ്യാർത്ഥികളുടെ കലാപരിപാടികൾ എന്നിവ നടന്നു. സൈബർ സുരക്ഷ, വ്യക്തിത്വ വികസനം, ക്രിയാത്മക കൗമാരം തുടങ്ങിയ വിഷയങ്ങളിൽ കെ.സി.എം താഹിർ, ഡോ. കെ. സതീഷ്, പി.ടി മുഹമ്മദ് മുസ്തഫ, അജിൽ ഗോപാൽ, രന്തിമ എന്നിവർ ക്ലാസെടുത്തു. സമാപന സമ്മേളനം എസ്.എം.സി ചെയർമാൻ മുഹമ്മദ് കുണ്ടുങ്ങര ഉദ്ഘാടനം ചെയ്തു. പി.ടി.എ. പ്രസിഡന്റ് ആർ.വി. അബ്ദുൽ റഷീദ് അധ്യക്ഷനായി. പ്രധാനാധ്യാപകൻ പി.ടി മുഹമ്മദ് മുസ്തഫ, എസ്.പി.സി ഗാർഡിയൻ പ്രസിഡൻ്റ് എൻ.പി ഹനീഫ, സെക്രട്ടറി കെ.ടി സുനി, വൈസ് പ്രസിഡൻ്റ്, സ്റ്റാഫ് സെക്രട്ടറി സുബൈദ വി, കെ മുഹമ്മദ്, ഡ്രിൽ ഇൻസ്ട്രക്ടർമാരായ അജിൽ ഗോപാൽ, രന്തിമ, സി.പി.ഒ സി.ടി. അബൂബക്കർ, എ.സി.പി.ഒ സലീന കെ, അനന്യ, റിസ അലി, കനി എന്നിവർ സംസാരിച്ചു.

## സ്വാതന്ത്ര്യ ദിനം



കൊടുവള്ളി : കൊടുവള്ളി ഗവൺമെൻറ് ഹയർസെക്കൻഡറി സ്കൂളിൽ സ്വാതന്ത്ര്യദിനം വിവിധ പരിപാടികളോടെ ആഘോഷിച്ചു. പ്രധാന അധ്യാപകൻ മുഹമ്മദ് മുസ്തഫ സാർ കുട്ടികളുടെയും അധ്യാപകരുടെയും പിടിഎ ഭാരവാഹികളുടെയും സാന്നിധ്യത്തിൽ പതാക ഉയർത്തി. തുടർന്ന് സ്വാതന്ത്ര്യദിന സന്ദേശം നൽകി . പിടിഎ പ്രസിഡൻറ് അബ്ദുൽ റഷീദ്, എസ് എം സി ചെയർമാൻ മുഹമ്മദ് കുണ്ടുങ്ങര , ഹയർസെക്കൻഡറി സീനിയർ അബ്ദുറഹ്മാൻ സാർ , ഹയർസെക്കൻഡറി സ്റ്റാഫ് സെക്രട്ടറി അഷ്റഫ് സാർ ,എൻഎസ്എസ് കോഡിനേറ്റർ ഹൈസ്കൂൾ സ്റ്റാഫ് സെക്രട്ടറി വി സുബൈദ ,എസ്.ആർ ജി കൺവീനർ ബഷീർ, യുപി വിഭാഗം സീനിയർ അധ്യാപിക നിഷ പി എന്നിവർ സംസാരിച്ചു. തുടർന്ന് കുട്ടികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. നേരത്തെ വിവിധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ നടത്തിയ മത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാനവിതരണം നടന്നു. എൻഎസ്എസ്, എസ് പി സി, ലിറ്റിൽ കൈറ്റ്സ് ,ജെ ആർ സി കുട്ടികളുടെ പങ്കാളിത്തം ഉണ്ടായിരുന്നു. കുട്ടികൾക്ക് പായസം വിതരണം ചെയ്തു.

## ആഗസ്റ്റ് മാസത്തിലൂടെ

**ആഗസ്റ്റ് 1**
1987 ബാച്ചിലെ 10 B, C ലെ പൂർവ്വ വിദ്യാർത്ഥികൾ സ്കൂളിലേക്ക് ക്യാമറ സംഭാവന ചെയ്തു.

**ആഗസ്റ്റ് 2**
എസ് പി സി യൂണിറ്റിന്റെ നേതൃത്വത്തിൽ വിവിധ കലാപരിപാടിക ളോടെ എസ് പി സി ദിനം ആഘോഷിച്ചു.രാവിലെ 8 30 ന് മുൻസിപ്പൽ ചെയർമാൻ അബ്ദു വെള്ളറ ഉദ്ഘാടനം ചെയ്തു.ഫ്ലാഷ് മോബ് ,പ്രതി ജ്ഞ ,ബോധവൽക്കരണ ക്ലാസ് എന്നിവയും സംഘടിപ്പിച്ചു.

**ആഗസ്റ്റ് 3**
നടത്തിയ പരിസ്ഥിതി ക്വിസ് മത്സരത്തിൽ ദക്ഷ. K മൂന്നാം സ്ഥാനം നേടി.

**ആഗസ്റ്റ് 4**
പത്താം ക്ലാസിലെ മിഡ് ടേം പരീക്ഷആരംഭിച്ചു. സ്കൂൾ പാർലമെൻറ് ഇലക്ഷന്റെ നാമനിർദ്ദേശിച്ച പത്രിക സമർപ്പണം ആരംഭിച്ചു.

**ആഗസ്റ്റ് 6**
സോഷ്യൽ സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ഹിരോഷിമ ദിനം ആചരിച്ചു.യുദ്ധവിരുദ്ധ റാലി സംഘടിപ്പിച്ചു. റാലിയിൽ നിരവധി വിദ്യാർത്ഥികൾ പങ്കെടുത്തു.

**ആഗസ്റ്റ് 8**
ഈ സ്കൂളിൽ നിന്നും ട്രാൻസ്ഫർ ആയിപ്പോയ ഹെഡ്മിസ്ട്രസ് സുബിത ടീച്ചർ ,സ്റ്റെല്ലാമറിയ ടീച്ചർ ,അംബിക ടീച്ചർ , ഓഫീസ് സ്റ്റാഫ് ആയ മൈമൂന താത്ത എന്നിവർക്ക് യാത്രയയപ്പ് നൽകി.

**ആഗസ്റ്റ് 11**
താമരശ്ശേരി ഉപജില്ല വിദ്യാഭ്യാസ ഓഫീസർ നമ്മുടെ വിദ്യാലയം സന്ദർശിക്കുകയും വിദ്യാലയത്തിലെ സുരക്ഷാക്രമീകരണങ്ങളും മറ്റു പ്രവർത്തനങ്ങളും വിലയിരുത്തുകയും ചെയ്തു.

**ആഗസ്റ്റ് 13**
അഡൾട്ടിങ്കറിംഗ് ലാബ് മെഗാഫെസ്റ്റ് നടത്തി. എട്ടാം ക്ലാസിലെ ലി റ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളും ഏഴാം ക്ലാസിലെ എടിഎൽ വിദ്യാർ ത്ഥികളുംആണ് പങ്കെടുത്തത്. കുട്ടികളെ 10 ഗ്രൂപ്പാക്കി തിരിച്ച് ഓരോ ഗ്രൂപ്പിനും ഒരു വാക്വം ക്ലീനർ ഉണ്ടാക്കുന്ന പരിശീലനം കൊടുത്തു.. 13 മുതൽ 18 വരെ കൊല്ലത്ത് നടന്ന Yonex sunrise lividual junior ranking ടൂർണമെന്റിൽ നമ്മുടെ വിദ്യാലയത്തിലെ 9 ബി ക്ലാസ്സിൽ പഠിക്കുന്ന മുഹമ്മദ് നസ്സി അംഗമായ ടീം വെങ്കല മെഡൽ നേടി സ്വാതന്ത്ര്യ ദിന ക്വിസ് മത്സരം നടത്തി

**ആഗസ്റ്റ് 14**
സ്കൂൾ പാർലമെൻറ് ഇലക്ഷൻ രാവിലെ ആരംഭിച്ചു. ഉച്ച യ്ക്ക് ഒരുമണിക്ക് അവസാനിച്ചു. വിജയിച്ചവർ ഉച്ചയ്ക്കുശേഷം സത്യപ്രതിജ്ഞ ചെയ്തു. വാങ് മയം ഭാഷ പ്രതിഭാ മത്സരം സ്കൂൾ തലം നടന്നു.

**ആഗസ്റ്റ് 15**
സ്വാതന്ത്ര്യ ദിനം വിപുലമായ പരിപാടികളോടെ സ്കൂളിൽ ആഘോഷിച്ചു. 8:45 ന സ്കൂളിൽ ദേശീയ പതാക ഉയർത്തി തുടർന്ന് വിവിധ അധ്യാപ കർ സ്വാതന്ത്ര്യദിന സന്ദേശം നൽകി .കുട്ടികൾ വിവിധ കലാപരിപാ ടികൾ അവതരിപ്പിച്ചു. കുട്ടികൾക്ക് പായസം വിതരണം ചെയ്തു.

**ആഗസ്റ്റ് 18**
പാദവാർഷിക പരീക്ഷകൾ ആരംഭിച്ചു.

**ആഗസ്റ്റ് 20**
സബ്ജില്ലാതലത്തിൽ നടന്ന വാങ്മയം ഭാഷാപ്രതിഭ പരീക്ഷയിൽ ഹൈസ്കൂൾ വിഭാഗത്തിൽ 8 A യിൽ പഠിക്കുന്ന ദക്ഷ മൂന്നാം സ്ഥാനം കരസ്ഥമാക്കി

**ആഗസ്റ്റ് 22**
ഓണാഘോഷ കമ്മിറ്റി മീറ്റിംഗ് നടത്തി

**ആഗസ്റ്റ് 27**
ഓണാഘോഷ പരിപാടി പൊലിമ 25– 26 ഗംഭീരമായി നടന്നു. ഓണ സദ്യയും പൂക്കളം മത്സരവും ഓണക്കളികളും പരിപാടിയെ ശ്രദ്ധേയമാ ക്കി. എസ്പിസിയുടെ നേതൃത്വത്തിൽ ആഗസ്റ്റ് 27 ,28, 29 തീയതികളിൽ ഓണം ക്യാമ്പ് നടന്നു . 27 ന് ബഹു .കൊടുവള്ളി പോലീസ് ഇൻസ്പെ ക്ടർ ടി സുജിത് സാർ പതാക ഉയർത്തി ക്യാമ്പിന് തുടക്കം കുറിച്ചു.

**ആഗസ്റ്റ് 29**
അധ്യാപക വിദ്യാർത്ഥികൾ അധ്യാപകദിനാഘോഷത്തിന്റെ ഭാഗമാ യി അധ്യാപക സംഗമവും ആദരിക്കലും സംഘടിപ്പിച്ചു. ദേശീയ അ ധ്യാപക അവാർഡ് ജേതാവായ വാസു മാസ്റ്റർ അതിഥി ആയിരുന്നു.. ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾക്കായി പ്രോഡക്റ്റ് ഡിസൈനിൽ എക്സ്പെർട്ട് ക്ലാസ് നടത്തി . ക്ലാസ് നയിച്ചത് എൻ ഐ ടി ക്യാമ്പസിലെ അസിസ്റ്റൻറ് പ്രൊഫസർ മാരായിരുന്നു.



## എടിഎൽ മെഗാ ടിങ്കറിംഗ് ഫെസ്റ്റ് നടത്തി




കൊടുവള്ളി : കൊടുവള്ളി ഗവൺമെൻറ്ഹയർ സെക്കൻഡറി സ്കൂളിലെ അടൽ ടിങ്കറിംഗ് ലാബിൽ വെച്ച് എടിഎൽ മെഗാ ടിങ്കറിംഗ് ഫെസ്റ്റ് നടത്തി. സ്കൂളിലെ എട്ടാം ക്ലാസിലെ വിദ്യാർത്ഥികളും ഏഴാം ക്ലാസിലെ എടിഎൽ വിദ്യാർത്ഥികളും ആണ് ഈ പരിപാടിയിൽ പങ്കെടുത്തത് .കുട്ടികളെ 10 ഗ്രൂപ്പുകൾ ആക്കി അവർക്ക് വാക്കം ക്ലീനർ ഉണ്ടാക്കാനുള്ള സാമഗ്രികൾ നൽകി. അടൽ ഇന്നവേഷൻ മിഷന്റെ ലൈവ് മീറ്റിങ്ങിലൂടെ ഉണ്ടാക്കുന്ന ക്രമം കണ്ടു കൊണ്ടാണ് കുട്ടികൾ വാക്കം ക്ലീനർ തയ്യാറാക്കിയത്. എടി എൽ ചുമതലയുള്ള അധ്യാപകരുടെയും മെൻറർ അക്ലുറിന്റെയും എടിഎൽ ടാലൻറ്ടീം വിദ്യാർത്ഥികളുടെയും നേതൃത്വത്തിലാണ് പരിപാടി നടന്നത്പരിപാടി ഹെഡ്മാസ്റ്റർ മുഹമ്മദ് മുസ്തഫ ഉദ്ഘാടനം ചെയ്തു. എടിഎൽ ഇൻ ചാർജ്ജും ലിറ്റിൽ കൈറ്റ്സ് മെന്റർ ആയ കെ ഫിർദൗസ് ബാനു ലിറ്റിൽ കൈറ്റ്സ് മെന്റർ ആയ പി റീഷ , അധ്യാപകരായ കെ ഷംസീറ, പി ഗോപകുമാർ എന്നിവർ പങ്കെടുത്തു

## സ്കൂൾ പാർലമെൻറ് ഇലക്ഷൻ, നവ്യാനുഭവം പകർന്ന് വോട്ടിംഗ് മെഷിനുകൾ



കൊടുവള്ളി : കൊടുവള്ളിഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ പാർലമെന്റ് ഇലക്ഷൻ നടന്നു. ഹയർസെക്കൻഡറി, ഹൈസ്കൂൾ,യു.പി വിഭാഗം ക്ലാസ് ലീഡർമാരെയും സ്കൂൾ ലീഡർ മാരെയും സ്കൂൾ പാർലമെൻറ് ഇലക്ഷനിലൂടെ തെരഞ്ഞെടുത്തു. വിജ്ഞാപനത്തിനു ശേഷം കുട്ടികൾ നാമനിർദ്ദേശപത്രിക സമർപ്പിക്കുകയും നാമ നിർദ്ദേശ പത്രികയു ടെ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം സ്ഥാനാർത്ഥികളെ നിർണയിക്കുകയും സ്ഥാനാർത്ഥികൾക്ക് ചിഹ്നങ്ങൾ അനുവദിക്കുകയും ചെയ്തു. തെരഞ്ഞെടുപ്പ് നടന്ന ദിവസം ലിറ്റിൽ കൈറ്റ്സ്,എസ് പി സി, ജെ ആർ സി വിദ്യാർത്ഥികളിൽ നിന്നും പോളിംഗ് ഓഫീസർമാരെയും മറ്റ് ഉദ്യോഗസ്ഥരെയും തെരഞ്ഞെടുത്തു. പോളിംഗ് ഓഫീസർമാർക്ക് പ്രാക്ടിക്കൽ ഉൾപ്പെടെ പരിശീലന ക്ലാസുകൾ നടത്തിയിരുന്നു. ഒരോ ബൂത്തിലും ഇലക്ട്രോണിക്ക് വോട്ടിംഗ് മെഷീനുകളുമായി പോളിം ഗ് ഓഫീസർമാർ സജ്ജരായിരുന്നു. ബൂത്തുകളിൽ പോളിംഗ് ഏജൻ്റുമാർ ജാഗ്രതയോടെ ആദ്യാവസാനം തിരഞ്ഞെ ടുപ്പ് വീക്ഷിച്ചു. യുപി ഹൈസ്കൂൾ വിഭാഗം അധ്യാപകരുടെയും അധ്യാപക വിദ്യാർത്ഥികളുടെയും മേൽനോട്ടത്തിൽ തെരഞ്ഞെടുപ്പ് വളരെ മികച്ച രീതിയിൽ നടന്നു. സ്കൂൾ തെരഞ്ഞെടുപ്പ് കമ്മീഷണർ അബ്ദുറഹ്മാൻ തെരഞ്ഞെടുപ്പിന് നേതൃത്വം നൽകി.

## ഹിരോഷിമ നാഗസാക്കി ദിനം




കൊടുവള്ളി : കൊടുവള്ളി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ ആഗസ്റ്റ് 6 സോഷ്യൽ സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ഹിരോഷിമ ദിനം ആചരിച്ചു. സോഷ്യൽ സയൻസ്, എസ് പി സി, ജെ ആർ സി എന്നീ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ യുദ്ധവിരുദ്ധ റാലി സംഘടിപ്പിച്ചു. പ്രധാനാധ്യാപകൻ മുഹമ്മദ് മുസ്തഫ സാർ സീനിയർ അസിസ്റ്റന്റ് അഷറഫ് കൺവീനർ കെ എൻ ബഷീർ ,ക്ലബ് കൺ വീനർ അബ്ദുൽ റഷീദ് എന്നിവർ സംസാരിച്ചു.

## പ്രോഡക്റ്റ് ഡിസൈനിങ്ങിൽ എക്സ്പേർട്ട് ക്ലാസ്




കൊടുവള്ളി: കൊടുവള്ളി ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിലെ അടൽ ടിങ്കറിങ്ങ് ലാബിൽ വെച്ച് ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾക്ക് കോഴിക്കോട്എൻഐടിയിലെ അധ്യാപകർ പ്രോഡക്റ്റ് ഡിസൈനിങ്ങിൽ എക്സ്പേർട്ട് ക്ലാസ് നൽകി. എൻഐടിയിലെ ആർക്കിടെക്ചർ ഡിപ്പാർട്ട്മെന്റിലെ ഡോക്ടർ ലബീബ കെ ,സജിന അലി ,ഇലക്ട്രിക്കൽ എൻജിനീയറിങ് ഡിപ്പാർ ട്ട്മെൻറിലെ ഗ്രീഷ്മ മോഹൻ എന്നീ അസിസ്റ്റൻറ് പ്രൊഫ സർമാരാണ് ഈ ക്ലാസിന് നേതൃത്വം നൽകിയത് .എൻ ഐ ട്ടിയിലെ ആർക്കിടെക്ചർ ഡിപ്പാർട്ട്മെന്റിലെയും റോ ബോട്ടിക് ക്ലബ്ബിലെയും 5 വിദ്യാർത്ഥികളും പരിപാടിയിൽ പങ്കെടുത്തു. റോബോട്ടിക് ക്ലബ്ബിലെ വിദ്യാർത്ഥികൾ അവർ തയ്യാറാക്കിയ കോഡ്രോ പാഡ് എന്ന റോബോട്ട് സ്കൂളിൽ കൊണ്ടുവന്ന കുട്ടികൾക്ക് പരിചയപ്പെടുത്തി. ഹെഡ്മാസ്റ്ററുടെ അധ്യക്ഷതയിൽ ആരംഭിച്ച പരിപാടി പിടിഎ പ്രസിഡണ്ട് അബ്ദുൽ റഷീദ് ഉദ്ഘാടനംചെയ്തു. എടി എൽ ഇൻചാർജ്ജും ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്സമായ ഫിർദൗസ് ബാനു.കെ, ലിറ്റിൽ കൈറ്റ്സ് മെന്റർ റീഷ പി , എടിഎൽ യുപി ഇൻചാർജ് ആയ ഷംസീറ പി,സ്റ്റാഫ് സെക്രട്ടറി സുബൈദ വി, വിജയോത്സവം കൺവീനർ മുഹമ്മദ് കെ എന്നി വർ പരിപാടിയിൽ പങ്കെടുത്തു. എൽ കെ ,എടിഎൽ ടാലൻറ് ടീം വിദ്യാർത്ഥികളായ ജാസിബ് എം എം മുഹമ്മദ് ബിലാൽ, മുഹമ്മദ് അഷ്മിൽ എന്നിവർ ഡിസൈനിങ്ങിൽ കുട്ടികളെ സഹായിച്ചു

## ആഗസ്റ്റ് മാസത്തിലൂടെ............













































# ഫോട്ടോ ഗാലറി ആഗസ്റ്റ് 2025 ജി എച്ച് എസ് എസ് കൊടുവള്ളി






























































GHSS KODUVALLY
LK EXPERT CLASS
I AM AN INNOVATOR


GHSS KODUVALLY
LK EXPERT CLASS


GHSS KODUVALLY
LK EXPERT CLASS


GHSS KODUVALLY
LK EXPERT CLASS


GHSS KODUVALLY
ATL Mega fest


ജി.എച്ച്.എസ്.എസ് കൊടുവള്ളി
യുദ്ധവിരുദ്ധ റാലി


ജി.എച്ച്.എസ്.എസ് കൊടുവള്ളി
യാത്രയയപ്പ്


സ്റ്റുഡൻ്റ് പോലീസ് കേഡറ്റ്
ജി.എച്ച്.എസ്.എസ് കൊടുവള്ളി KDR 750
ഓണം വെക്കേഷൻ
ക്യാമ്പ്
ഉദ്ഘാടനം: ശ്രീ. അബ്ദു വെള്ളറ


സ്റ്റുഡൻ്റ് പോലീസ് കേഡറ്റ്
ജി.എച്ച്.എസ്.എസ് കൊടുവള്ളി KDR 750
ഓണം വെക്കേഷൻ
ക്യാമ്പ്
ഉദ്ഘാടനം: ശ്രീ. അബ്ദു വെള്ളറ


സ്റ്റുഡൻ്റ് പോലീസ് കേഡറ്റ്
ജി.എച്ച്.എസ്.എസ് കൊടുവള്ളി KDR 750
ഓണം വെക്കേഷൻ
ക്യാമ്പ്
ഉദ്ഘാടനം: ശ്രീ. അബ്ദു വെള്ളറ



സ്റ്റുഡൻ്റ് പോലീസ് കേഡറ്റ്
ജി.എച്ച്.എസ്.എസ് കൊടുവള്ളി KDR 750
ഓണം വെക്കേഷൻ
ക്യാമ്പ്
ഉദ്ഘാടനം: ശ്രീ. അബ്ദു വെള്ളറ


സ്റ്റുഡൻ്റ് പോലീസ് കേഡറ്റ്
ജി.എച്ച്.എസ്.എസ് കൊടുവള്ളി KDR 750
ഓണം വെക്കേഷൻ
ക്യാമ്പ്
ഉദ്ഘാടനം: ശ്രീ. അബ്ദു വെള്ളറ


സ്റ്റുഡൻ്റ് പോലീസ് കേഡറ്റ്
ജി.എച്ച്.എസ്.എസ് കൊടുവള്ളി KDR 750
ഓണം വെക്കേഷൻ
ക്യാമ്പ്
ഉദ്ഘാടനം: ശ്രീ. അബ്ദു വെള്ളറ


സ്റ്റുഡൻ്റ് പോലീസ് കേഡറ്റ്
ജി.എച്ച്.എസ്.എസ് കൊടുവള്ളി KDR 750
ഓണം വെക്കേഷൻ
ക്യാമ്പ്
ഉദ്ഘാടനം: ശ്രീ. അബ്ദു വെള്ളറ


സ്റ്റുഡൻ്റ് പോലീസ് കേഡറ്റ്
ജി.എച്ച്.എസ്.എസ് കൊടുവള്ളി KDR 750
ഓണം വെക്കേഷൻ
ക്യാമ്പ്
ഉദ്ഘാടനം: ശ്രീ. അബ്ദു വെള്ളറ


SPC DAY
CELEBRATION
2nd Aug.
STUDENT POLICE CADET
GHSS KODUVALLY
UNIT NO: KDR-750


A gesture of gratitude and support
Cameras donated to GHSS Koduvally by 1987
SSLC Batch (10 B & C) students
SUGAR BOARD


GHSS KODUVALLY
School Parliament Election


എൽ കെ മാസാന്ത്യ വാർത്ത പത്രിക പ്രകാശനം
GHSS KODUVALLY